# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടവെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ:** doidk.ksad@kerala.gov.in
**ഫോൺ :** 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി3/993/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 05/11/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി3/993/2024 തീയ്യതി: 05/11/2024

# ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-10-2023 മുതൽ 21-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 28-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 28-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായാകൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സ്വപ്ന വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ നൗഷാദ് | പ്രസിഡന്റ് | 01-04-2023 | 10-08-2023 |
| ശ്രീ.ലത്തീഫ് മുഹമ്മദ് | പ്രസിഡന്റ് | 11-08-2023 | 25-08-2023 |
| ശ്രീ.ബിൻസി മാർട്ടിൻ | പ്രസിഡന്റ് | 26-08-2023 | 31-03-2024 |
| ശ്രീമതി. സെറീന പി. എ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വേണുഗോപാൽ കെ.ജി | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ഷാലു കെ.എച്ച് | മെഡിക്കൽ ഓഫിസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.ദേവി ആർ.എസ് | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ദിവ്യ ദിവാകർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ബിൻസി വർക്കി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.കണ്ണൻ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ശരത് സി.എം. | വി.ഇ.ഓ., ഇടവെട്ടിസർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. സിജി ശങ്കർ | വി.ഇ.ഓ., തെക്കുംഭാഗം സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ. പൗലോസ് എൻ.വി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-3 |
| 5 | തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവയുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിലും അധികമായിരിക്കുന്നു | 1-1-7 |
| 9 | വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ | 1-3-1 |
| 12 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- രൂ 2434286 /ലാപ്സായി | 1-3-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പെൻഷനുകൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം | 1-9 |
| 20 | വൻ തുക വാടകകുടിശ്ശിക നിലനിൽക്കുന്നു | 1-10 |
| 21 | ലേലനടപടികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 23 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 24 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-14 |
| 25 | മുൻ വർഷങ്ങളിലെ ഇ-ടെന്റർ ഫോം ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 26 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-16 |
| 27 | കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 28 | മരാമത്ത് പ്രവർത്തികളുടെ കുറഞ്ഞപൂർത്തീകരണ ശതമാനം | 1-18 |
| 29 | ഇലക്ഷൻ ഡെപ്പോസിറ്റ്- തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-19 |
| 30 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വൻ തുക ഒടുക്കാൻ അവശേഷിക്കുന്നു | 1-20 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ് | 1-21 |
| 32 | രേഖകൾ പ്രകാരം എ.പി.എൽ കുടുംബാംഗമായ വ്യക്തിക്ക് അതിദാരിദ്ര്യ ഗണത്തിലുൾപ്പെടുത്തി ആനുകൂല്യം നൽകി | 1-22 |
| 33 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ | 1-23 |
| 34 | ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ഗുണഭോക്താവിന്റെ പേരിലുള്ള ആനുകൂല്യം നൽകി | 1-24 |
| 35 | എയർ കണ്ടിഷൻ ,ഇൻവെർട്ടർ എന്നിവ സ്ഥാപിക്കൽ -പദ്ധതി നടപ്പാക്കിയിട്ടില്ല | 1-25 |
| 36 | ലാബ് ടെക്നിഷ്യൻ നിയമനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-26 |
| 37 | തൊഴിലുറപ്പ് പദ്ധതി -അപാകതകൾ | 1-27 |

| | | |
|---|---|---|
| 38 | വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കാനവശേഷിക്കുന്നു.₹11583786/- | 1-28 |
| 39 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എഎംസി പുതുക്കൽ -അപാകതകൾ | 1-29 |
| 40 | പട്ടികജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 41 | സ്ട്രീറ്റ് ലൈറ്റ് വാങ്ങിക്കലും സ്ഥാപിക്കലും മെയിന്റനൻസും -അപാകതകൾ | 1-31 |
| 42 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾ | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1 ഓഡിറ്റ് സാക്ഷ്യപത്രം**

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 02.07.2024-ലെ 5(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 09.07.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ
05.11.2024

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4029375/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3360532/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

6/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

### 1-1-4 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രു ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റും രേഖപ്പെടുത്തേണ്ടതാണ്.

### 1-1-5 ഉദ്ദ്യേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

പദ്ധതി നമ്പർ 116/24(SO), പദ്ധതി നമ്പർ 115/24(SO) എന്നിവ പ്രകാരം ഇടവെട്ടി പി.എച്ച്.സി യിലെ ലാബ് കെട്ടിടത്തിലേക്ക് എയർ കണ്ടിഷൻ, ഇൻവെർട്ടർ എന്നിവ സ്ഥാപിക്കുന്നതിന് PWD Electrical Section Executive Engineer പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ -ലേക്ക് യഥാക്രമം രൂ 74600/(വൗച്ചർ നം223301020/തിയതി14-3-24), 68600 /(വൗച്ചർ നം22301046/തിയതി21/3/24) എന്നിങ്ങനെ ഡെപ്പോസിറ്റ് നല്കിയിരുന്നു എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത പദ്ധതികളുടെ ചെലവ് Advance ഹെഡിൽ ചേർക്കാതിരുന്നതിനാൽ ബാലൻസ് ഷീറ്റിൽ ഈ തുകകൾ പ്രതിഫലിച്ചിട്ടില്ല.

### 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവയുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഇനങ്ങളുടെ ബാലൻസ് ഷീറ്റ്(ബി-4), ലെ തുകകൾ ബാങ്ക് അക്കൗണ്ട് - ബി-17 നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

| ഹെഡ്/അക്കൗണ്ട് നമ്പർ | B-4 പ്രകാരം നീക്കിയിരിപ്പ് | B-17 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 320100152/40080370445 | 499351 | 198711 |
| 320100128/67168360839 | 1611 | 13 |
| 320100191/731866955 | 100220 | 568441 |
| 320200399/38281634706 | 25000 | 361680 |
| 320800199/120506026720001 | 143381 | 7580 |

### 1-1-7 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിലും അധികമായിരിക്കുന്നു

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിലും അധികമായിരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| 415120008 | 38076 | 331372 |
| 415120108 | 7700 | 331372 |
| 416100106 | 0 | 32500 |

### 1-1-8 വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല

വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| സഞ്ചയ പ്രകാരം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ | 124759 | 2267260 | 182903 |
| നോൺ റസിഡൻഷ്യൽ | 1576631 | 1514676 | 59951 |
| വാർഷിക കണക്ക് പ്രകാരം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ | 2457737 | 2267260+4795(Advance Collection) | 192236 |
| നോൺ റസിഡൻഷ്യൽ | 1576631 | 1514676+3506(Advance Collection) | 62968 |

### 1-2 ബജറ്റ്

**ബജറ്റ്**

| കമ്മിറ്റി തീരുമാനം | | 1/18-3-2023 | | |
|---|---|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | | 1/10-3-23 | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 1877303 | 148019000 | 149896303 | 147095000 | 2801303 |

പുതുക്കിയ ബജറ്റ്

| കമ്മിറ്റി തീരുമാനം | 1/01-02-2024 | | | |
|---|---|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1/25-01-2024 | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 1877303 | 215823109 | 217700412 | 214699409 | 3001003 |

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | സ.ഉ കൈ നംപർ 179/22 ധന ഉത്തരവ് പ്രകാരം കുറവ് ചെയ്തത് |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1523511 | 657000 | 88750 |
| വികസനഫണ്ട് (SCP) | 341246 | - | - |
| വികസനഫണ്ട് (TSP) | 83698 | - | |

**1-3-2 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- രൂ 2434286 /ലാപ്സായി**

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ 80% ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുന്നത്. . തൻവർഷം നിശ്ചിത ചെലവ് കൈവരിക്കാത്തതിനാൽ 2025-26 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ രൂ.2434286/ലാപ്സാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ബാക്കി (₹) | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക 20% ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 5120650 | 1662234 | 3458416 | 32.46 | 1024130 | 2434286 |

പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി ഫണ്ട് ഷോർട്ട്ഫോൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-3 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 8875000 | 8875000 | 8345707 | 529293 |
| എസ്.സി.പി | 0 | 3036000 | 3036000 | 2656844 | 379156 |
| റ്റി.എസ്.പി | 0 | 203000 | 203000 | 203000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് – TIED | 2413832 | 1102000 | 3515832 | 1898340 | 1617492 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് – UNTIED | 959310 | 1566966 (1470000 + 96966(Interest) | 2526276 | 1101287 | 1424989 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5120650 | 5120650 | 1662234 | 3458416 |
| സംരക്ഷണ ഗ്രാന്റ് നോൺ – റോഡ് | 0 | 2529400 | 2529400 | 2529079 | 321 |
| ടോട്ടൽ സാനിറ്റേഷൻ | 852236 | 0 | 852236 | 761936 | 90300 |
| ഐ.സി.ഡി.എസ്. 320100196 | 642302 | 1553770 | 2196072 | 1077426 | 1118646 |
| ശുചിത്വമിഷൻ | 1124 | 0 | 1124 | 0 | 1124 |
| ദേശീയ ആരോഗ്യമിഷൻ | 200000 | 500000 | 700000 | 0 | 700000 |
| സാക്ഷരത | 2327 | 81 | 2408 | 0 | 2408 |
| നിർമ്മൽ പുരസ്ക്കാരം 320100191 | 193750 | 130334 | 323084 | 223864 | 100220 |
| ബയോഡൈവേഴ്സിറ്റി | 499351 | 0 | 499351 | 0 | 499351 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 25000 | 2600000 | 2625000 | 2600000 | 25000 |
| എം.വി.ഐ.പി. 320300199 | 503867 | 118 | 503985 | 118 | 503867 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320400199 | 757446 | 0 | 757446 | 0 | 757446 |
| എം.എൻ. ലക്ഷം വീട് 320800199 | 142350 | 1149 | 143499 | 118 | 143381 |
| പകർച്ചവ്യാധി നിയന്ത്രണം | 10000 | 0 | 10000 | 0 | 10000 |
| അവാർഡ് | 38002 | 0 | 38002 | 0 | 38002 |
| ടോട്ടൽ സാനിറ്റേഷൻ | 29436 | 0 | 29436 | 0 | 29436 |
| ക്യാറ്റിൽ ഡവലപ്മെന്റ് | 2929 | 0 | 2929 | 0 | 2929 |
| കോവിഡ് ഡൊണേഷൻ | 10000 | 0 | 10000 | 0 | 10000 |
| ഹെൽത്ത് മിഷൻ 320100139 | 0 | 704961 | 704961 | 13311 | 691650 |
| റൂറൽ ഹൗസിംഗ് | 0 | 362 | 362 | 0 | 362 |
| ടോട്ടൽ സാനിറ്റേഷൻ-320100181 | 852236 | 0 | 852236 | 761936 | 90300 |
| ഹെൽത്ത്ഗ്രാന്റ് -Diagnostic Infrastructure | 0 | 693526 | 693526 | 548476 | 145050 |
| ഹെൽത്ത് ഗ്രാന്റ് – Conversion Of PHC | 0 | 305968 | 305968 | 297919 | 8049 |
| സ്വച്ച്ഭാരത് അഭിയാൻ | 0 | 402000 | 402000 | 402000 | 0 |
| എൻ.ആർ.എച്ച്.എം | 200000 | 500000 | 700000 | 0 | 700000 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 158 | 118761909 | 106 | 39527279 | 0 | 52 | 49 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 37 | 27 | 7199863 | 7927539 | 10 | 110.11 |
| 2. | അസി. എൻജിനീയർ | 53 | 20 | 15309016 | 5267829 | 33 | 34.41 |
| 3. | വെറ്ററിനറി സർജൻ | 7 | 7 | 3926389 | 2544583 | 0 | 64.81 |
| 4. | കൃഷി ഓഫീസർ | 5 | 3 | 763947 | 404357 | 2 | 52.93 |
| 5. | മെഡിക്കൽ ഓഫീസർ സി. എച്ച്. സി. | 12 | 12 | 3313588 | 2263023 | 00 | 68.30 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 4127038 | 3432980 | 1 | 83.18 |
| 7. | വി.ഇ.ഒ | 23 | 21 | 81586068 | 16285749 | 2 | 19.96 |
| 8. | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | | 220000 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | ഹെഡ്മാസ്റ്റർ, എൽ. പി. സ്ക്കൂൾ | 4 | 1 | 1421000 | 790000 | 3 | 55.59 |
| 10. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 775000 | 571307 | 0 | 73.72 |
| 11. | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 120000 | 39912 | 0 | 33.26 |
| | ആകെ | 158 | 106 | 118761909 | 39527279 | 52 | 33.28 |

സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹118761909/-ന്റെ 33.28% (₹39527279/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസി. എഞ്ചിനീയർ, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് ശുഷ്കമാണെങ്കിലും തനതു ഫണ്ടിൽ നിന്നും ₹4783164/- വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം പല പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വഹണം | 56665 | 1585975 | 1642640 | 1641029 | 1611 |
| തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്) | 0 | 16625000 | 16625000 | 16625000 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2604800 | 222 |
| വിധവാ പെൻഷൻ | 5074600 | 478 |
| വാർദ്ധക്യകാല പെൻഷൻ | 14161900 | 1356 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 1731200 | 164 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 283200 | 26 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.2024 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3596/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ

രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക ₹ | തനത് ചെലവുകൾ | തുക ₹ |
|---|---|---|---|
| നികുതി വരുമാനം (I-1) | 4836228 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10) | 9908336 |
| വാടക (I-3) | 81537 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ( I-11) | 1079349 |
| ഫീസുകളും യൂസർ ചാർജ്ജും (I-4) | 1811567 | ഓപ്പറേഷൻസ് & മെയിന്റനൻസ് (I-12) | 734959 |
| ടെണ്ടർ ഫോം വിൽപ്പന (I-5) | 5145 | ഫിനാൻസ് ചാർജ്ജ് (I-13) | 18200 |
| പലിശ (I-8) | 40345 | പദ്ധതി ചെലവുകളിലെ തനത് ഫണ്ട് വിഹിതം | 2120638 |
| മറ്റ് വരവുകൾ | 270235 | ആശാൻ ഗ്രാന്റ് (I-15) | 19000 |
| ആകെ | 7045057 | ആകെ | 13880482 |
| വരവിൽ കവിഞ്ഞ് ചെലവ് | 6835425 | | |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ആശാവഹമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് .തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 6554700 രൂപയാണ്. . കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ റവന്യു കമ്മി 2.94കോടി രൂപയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ തനത്ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. തനത് ഫണ്ട് നരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**തനത് ഫണ്ടിന്റെ അപര്യാപ്തത - ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 3 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2024 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(67291320292) | ₹1893600 |
| സൗത്ത് ഇന്ത്യൻ ബാങ്ക്-E- Payment (595) | ₹424001 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് (80) | ₹307963 |
| ആകെ | ₹2625564 |

വിവിധ കേന്ദ്ര/സംസ്ഥാനവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക ₹ |
|---|---|

| | |
|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 757446 |
| ഐ.സി.ഡി.എസ്. | 1118646 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 26124 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 700,000 |
| നാഷണൽ ഹെൽത്ത് മിഷൻ | 691650 |
| ഗുണഭോക്തൃ വിഹിതം | 1734989 |
| സമ്പൂർണ്ണ ശുചിത്വം | 119736 |
| നിർമ്മൽ പുരസ്കാർ | 100220 |
| അവാർഡ് | 38002 |
| എം വി ഐ പി | 503867 |
| ബ്ളോക്ക് വിഹിതം | 510476 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 494 |
| ഹെൽത്ത് ഗ്രാന്റ് | 153099 |
| പകർച്ച വ്യാധി നിയന്ത്രണം | 10,000 |
| കന്നുകാലി വികസനം | 2929 |
| ആകെ | 6464678 |

ഇവ കൂടാതെ തിരികെ നൽകേണ്ട സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 410021 /- രൂപ ബാധ്യതയുമുണ്ട്. ആകെ 64.64 ലക്ഷം രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 26.25 ലക്ഷം രൂപ മാത്രമാണ് അവശേഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഋണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതുമൂലം, തനത് ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മേൽ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കേണ്ടതായി വരുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നത് അഭിലഷണീയമാണ്. ബി 15 ഷെഡ്യൂൾ പ്രകാരം 771994 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന നികുതി നികുതിയേതര വരവുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനും തനതു വരുമാന സ്രോതസുകൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-10 വൻ തുക വാടകകുടിശ്ശിക നിലനിൽക്കുന്നു**

ഗ്രാമപഞ്ചായത്തിലെ 2023-24 ലെ വാടക രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി പരിശോധിച്ചതിൽ നിന്നും മുൻവർഷങ്ങളിലെ വാടക കുടിശ്ശികയിനത്തിൽ 99546/- രൂപ ഈടാക്കുവാനുണ്ട്. കെട്ടിടങ്ങളുടെ വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട വിശദാംശങ്ങളും (കുടിശ്ശികയുള്ള വർഷം ഉൾപ്പെടെ) ആയത് നാളിതുവരെയും ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.2/24.9.2024) ലഭ്യമായ മറുപടിയിൽ വാടക കുടിശ്ശിക നിലനിൽക്കുന്ന 4/65 D എന്ന കെട്ടിടം ആരോൺ ഇ ബാഗ്സ് എന്ന കുടുംബശ്രീ സംരംഭം നടത്തുന്നതിന് ശ്രീമതി. സിന്ദു ബിജു എന്നയാൾക്ക് 2022-23 വർഷം വാടകക്കു നൽകിയിരുന്നതാണെന്നും ടി മുറിയുടെ വാടകകുടിശ്ശിക ഒടുക്കുന്നതിന് ശ്രീമതി സിന്ദു ബിജുവിന് കത്ത്, ഡിമാന്റ് നോട്ടീസ് , ആർ. ആർ നോട്ടീസ് എന്നിവ നൽകിയിട്ടുള്ളതാണെന്നും

അറിയിച്ചു. എന്നാൽ ശ്രീമതി. സിന്ദു ബിജു കുടിശ്ശിക തുക അടവാക്കാത്തതിനാൽ 9.10.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 17(1)-ാം നമ്പർ തീരുമാന പ്രകാരം 31.10.2023 തീയതിക്കുശേഷം കെട്ടിടം അടച്ചുപൂട്ടുന്നതിനും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് പ്രകാരം റവന്യൂറിക്കവറി ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചു.

കൂടാതെ വാടകകുടിശ്ശിക നിലനിൽക്കുന്ന 4/65 C നമ്പർ കെട്ടിടം ശ്രീ റോബർട്ട് പി.സി പുത്തൻപുരയിൽ മുതലക്കോടം എന്നയാൾക്ക് 2019-20 ,2020-21 വർഷത്തേക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണെന്നും കോവിഡ് കാരണം വാടകതുക അടവാക്കിയിട്ടില്ലെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 8.2.2021 ലെ 27(2)-ാം നമ്പർ തീരുമാന പ്രകാരം ആർ .ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-11 ലേലനടപടികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ലേല ഡയറി പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വെട്ടിയിട്ടിരിക്കുന്നതും മറിഞ്ഞുവീണതുമായ ആഞ്ഞിലി മരം, വിറക് എന്നിവയ്ക്ക് 15.6.2023 ൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 128048/- രൂപ വില നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(നം.3/24.9.2024) ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന വിവരങ്ങളാണുള്ളത്.

ടി മരം 3.7.2023 തീയതിയിൽ ലേലം നിശ്ചയിച്ചിരുന്നെങ്കിലും ലേലത്തുക അധികമായതിനാൽ ലേലത്തിൽ ആരും പങ്കെടുത്തില്ല . കൂടാതെ ടി മരം തന്റെ ഉടമസ്ഥതയിലാണെന്ന് കാണിച്ച് ജോർജ് വർക്കി എന്നയാൾ പരാതി നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖ പ്രകാരം ആഞ്ഞിലി മരം നിൽക്കുന്ന സ്ഥലം ശ്രീമതി സുമതിയമ്മ ദേവസ്വം പറമ്പിൽ എന്നയാളുടെ പേരിലാണെന്ന് അറിയുവാൻ സാധിച്ചു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തുന്നതുവരെ ടി മരത്തിന്റെ ലേല നടപടികൾ നിർത്തിവെക്കുന്നതിന് 7.7.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നം. 14(1). സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് 6.10.2023 തീയതിയിൽ തൊടുപുഴ താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) | ലൈസൻസ് രജിസ്റ്ററിലെ നമ്പർ |
|---|---|---|---|
| 1 | മാടപ്പറമ്പിൽ സാന്റ്സ് & മെറ്റൽസ് | 7 | 1 |

| | | | |
|---|---|---|---|
| 2 | ബിഗ് മാർട്ട് സൂപ്പർ മാർക്കറ്റ് | 10 | 2 |
| 3 | വളം , ആസിഡ് കൺസ്യൂമർ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | 6 | 8 |
| 4 | മാർത്തോമ ഗ്രാനൈറ്റ്സ് , ഇടവെട്ടി (എം.സാന്റ് യൂണിറ്റ്സ്) | 14 | 13 |
| 5 | മാർത്തോമ ഗ്രാനൈറ്റ്സ് (മെറ്റൽ ക്രഷർ യൂണിറ്റ് ) | 14 | 14 |
| 6 | ഫാൽക്കൺ സ്പോർട്ട്സ്, തെക്കുംഭാഗം | 6 | 44 |
| 7 | യുണൈറ്റഡ് സോപ്പ് | 10 | 46 |
| 8 | എം.എം.കെ ടയേഴ്സ് | 6 | 24 |
| 9 | ഫൈബർ ആർട്സ് വർക്സ് | 12 (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 6 പേരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്) | 35 |
| 10 | എച്ച് & പി ഇന്റസ്ട്രീസ് ,ഇടവെട്ടി | 9 | 55 |
| 11 | സെവൻ സ്റ്റാർ ഫുഡ്സ് | 8 | 65 |
| 12 | തോട്ടുപുറം ഇൻഡസ്ട്രീസ് | 6 | 95 |
| 13 | സൈറക്സ് ഡിസൈനർ ടൈൽസ് | 21 (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 10 പേരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കുവാനുണ്ട്) | 98 |
| 14 | വള്ളിക്കാട്ട് കൺസ്ട്രക്ഷൻസ് | 9(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 3 പേരുടെ 2ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്) | 99 |
| 15 | സ്പെൻസെക്സ് ഡിസൈനർ ടൈൽസ് | 8 | 106 |
| 16 | ജീസസ് ഇൻഡസ്ട്രീസ് | 9 | 141 |
| 17 | കെ.കെ.ആർ ഇൻഡസ്ട്രീസ് | 19 | 149 |

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/26.9.2024) മറുപടി ലഭ്യമായിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

**<u>1-13 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു</u>**

1996-ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം

ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുകയോ പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്/ വാർഡ്നം./കെട്ടിട നമ്പർ | നടത്തുന്ന സ്ഥാപനം |
|---|---|---|
| 1 | ഖാദിർ കുട്ടി<br>കലയത്തിങ്കൽ /11 | പഴേരിയിൽ സ്റ്റോഴ്സ് |
| 2 | ഷാജഹാൻ കെ.എ<br>കല്ലുംപുറത്ത്/11 | റിസാഫ് ഫെറോസ്ലാബ് നിർമ്മാണം |
| 3 | സന്തോഷ് ജോസഫ്<br>കരിമ്പട പുത്തൻപുരയിൽ/11 | കർഷകജ്യോതി ഇക്കോഷോപ്പ് |
| 5 | നൗഫൽ/11 | സ്ക്വയർസെൽ അലുമിനിയം<br>ഫാബ്രിക്കേഷൻ |
| 6 | ജമാൽ<br>കല്ലും പുറത്ത്/11 | ഇറച്ചിക്കട |
| 7 | നിഷാദ്<br>കല്ലുംപുറത്ത്/11 | പലചരക്ക് വ്യാപാരം<br>ഇറച്ചിക്കട |
| 8 | അലിയാർ<br>കാനാപറമ്പിൽ/11/295F | ഡ്രീംസ് ബേക്കറി<br>ഇടവെട്ടി |
| 9 | കാസിം കെ.എ<br>കാരക്കുന്നേൽ/11/295E | പലചരക്ക് ,പച്ചക്കറിവ്യാപാരം |
| 10 | ഷൈനി ബഷീർ<br>ചെത്തിക്കോട്ട്/11/295A | തയ്യൽക്കട |
| 11 | അജിനാസ് ഇ.കെ<br>ഈന്തുങ്കൽ/11 | പവർടൂൾസ് ഇടവെട്ടി |
| 12 | ഷിജിത ഷംസുദ്ദീൻ<br>തൊട്ടിപ്പറമ്പിൽ /11 | തൊട്ടിപ്പറമ്പിൽ സ്റ്റോഴ്സ് |
| 13 | ഷെമിൽ /11 | അലുമിനിയം ഫാബ്രിക്കേഷൻ |
| 14 | രതീഷ്/11 | വെൽഡിംഗ് ഷോപ്പ് |
| 15 | സുധീർ<br>കോതയിൽ/11/298A | പലചരക്ക് വ്യാപാരം |
| 16 | മുഹമ്മദ് ജാരത്തിങ്കൽ<br>ഇടവെട്ടി/11 | ഫർണിച്ചർ വർക്ക് ഷോപ്പ്<br>കോഴിക്കട |

| | | |
|---|---|---|
| 17 | നാസർ<br>മരവെട്ടിക്കൽ/11 | മാളൂസ് നൈറ്റി സെന്റർ |
| 18 | ഷാജി മഠത്തിൽ/11 | എം .എസ് ഇലക്ട്രിക്കൽസ് |
| 20 | ഇല്യാസ്<br>പാലംമൂട്ടിൽ/11 | ചായക്കട |
| 21 | ബിനോയി<br>ഇല്ലിമൂട്ടിൽ/11 | ഇല്ലിമൂട്ടിൽ റബേഴ്സ് |
| 22 | സിജീഷ്/11 | ഡക്കറേഷൻ |
| 23 | പി.പി മുഹമ്മദ്<br>പിച്ചാട്ടുകുന്നേൽ/11 | പലചരക്ക് വ്യാപാരം |
| 24 | ഷാജികുമാർ<br>പൊന്നംപറമ്പിൽ/10 | ലക്ഷ്മി സ്റ്റോഴ്സ് |
| 25 | ലേഖമോൾ തങ്കപ്പൻ<br>കോണിക്കൽ/10 | തിരുമ്മ് ചികിൽസാലയം |
| 26 | വിജയൻ ഒ.കെ<br>ഓലിപ്പുറത്ത്/10 | ഒ.കെ സ്റ്റോഴ്സ് |
| 27 | രേഷ്മ ബിനീഷ്<br>മാലേപറമ്പിൽ/10 | ഒയാസിസ് കാറ്ററിംഗ് |
| 28 | ഗോപി മാരാപ്പറമ്പിൽ<br>കീരിക്കോട്/10 | ബേക്കറി &കൂൾബാർ |
| 29 | ജിൻസി റോയി/<br>കൊച്ചുപറമ്പിൽ /10/276 | സെപ്ക്ടോ എന്റർപ്രൈസസ് |
| 30 | റോയി<br>മുതുപ്ലാക്കൽ /10/252B | റബ്ബർകട |
| 31 | ജോസ് ജോസഫ്<br>തൊട്ടിയിൽ/10 | പാരഡൈസ് സ്റ്റോഴ്സ് |
| 32 | റെജിമോൻ ജേക്കബ്<br>പുളിക്കൽ/10/237C | അമല ഫ്ലോർമിൽ |
| 33 | രാജേഷ് കുമാർ<br>കളത്തിൽ/10/237M | ബാർബർ ഷോപ്പ് |
| 34 | മഞ്ജു ഓലിപ്പുരയിൽ/10 | എം.എസ് ഗാർമെന്റ്സ് |
| 35 | മഞ്ജു ഓലിപ്പുരയിൽ/10 | എം.എസ് മെഡിക്കൽസ് |
| 36 | അർജുൻ എം.എസ്<br>മംഗലത്ത്/10 | പെർഫെക്ട് അലുമിനിയം ഫേബ്രിക്കേഷൻ |
| 37 | അനീഷ് എസ്<br>ഞാറക്കാട്ടിൽ/10 | എ.ആർ മൊബൈൽസ് |

| | | |
|---|---|---|
| 38 | ജിഷ ജെയ്മോൻ<br>അറക്കൽ7/1 | അറക്കൽ സ്റ്റോഴ്സ് |
| 39 | ധനേഷ്<br>ഡിജിറ്റൽ സേവാ കേന്ദ്രം/7 | ഡിജിറ്റൽ സേവാ കേന്ദ്രം |
| 40 | ജോയി വർക്കി<br>തെക്കുംഭാഗം/7/4 | മാവറ സ്റ്റോഴ്സ് |
| 41 | അനീഷ് ആവത്തുംങ്കൽ/7/3 | അനീഷ് ഹോട്ടൽ |
| 42 | കെ.ആർ സുരേഷ്<br>കൊല്ലപ്പറമ്പിൽ7/5,6 | ബീന ട്രേഡേഴ്സ് |
| 42 | ഷാജി മോൻ വി.എ<br>വടക്കേപുരക്കൽ/7 | ചിക്കൻ സെന്റർ |
| 43 | ടെൻസിംഗ് പോൾ<br>ഷാലോം ഭവൻ/7 | ഷാലോം വെഡ്ഡിംഗ് സ്റ്റുഡിയോ |
| 44 | വി.ജെ.സി കോഫി ഹൗസ്/7 | ബേക്കറി &കൂൾബാർ |
| 45 | ഷേർലി തെക്കേടത്ത്/7 | തെക്കേടത്ത് ടെക്സ്റ്റൈൽസ് |
| 46 | അബ്ദുൾ സമീർ<br>കരിമ്പനക്കൽ/7/10C | ഗ്ലോബൽ ടൂൾസ് |
| 47 | ജോസഫ് എം.എ<br>മുണ്ടക്കാട്ട്/7/13 | ഗ്രാമർ വെജിറ്റബിൾസ് |
| 48 | ദേവസ്യാച്ചൻ എം.വി<br>അഞ്ചാനിക്കൽ/7 | യൂണിറ്റ് ടൈലേഴ്സ് |
| 49 | ബാബുരാജ് ആലാട്7/12 | ആലാട് എം.സലൂൺ<br><br>ഇലക്ട്രോണിക്സ് വർക്ക് ഷോപ്പ് |
| 50 | ഹസീന കണ്ടത്തിൻ കരയിൽ<br>തെക്കുംഭാഗം/7 | നയന ടൈലരിംഗ് |
| 51 | ജിൽസ് ആന്തം പറമ്പിൽ/7/15/9 | ആന്തം പറമ്പിൽ സ്റ്റോഴ്സ് |
| 52 | അമ്പിളി കാരാമലയിൽ/7/15/10 | മാനാസ് അയണിംഗ് സെന്റർ |
| 53 | അനിൽ റ്റി തോമസ്/7/15/11<br>തടത്തിൽ | സെന്റ് ജോർജ് സ്റ്റോഴ്സ് |
| 54 | സജി മരുതും ചുവട്ടിൽ/7/15/12 | ഗിഫ്റ്റി നൈറ്റി സെന്റർ |
| 55 | ഫ്രാൻസിസ് മാണിത്തോട്ടത്തിൽ/7 | ലിയോ സ്റ്റുഡിയോ |
| 56 | ടോമി സെബാസ്റ്റ്യൻ<br>പൊൻകുന്നേൽ/7/15/14 | സെന്റ് ജോർജ് ഡെക്കറേഷൻ |
| 57 | അനൂപ്<br>കുളത്തുങ്കൽ/7 | ഫാം ഫ്രെഷ് ചിക്കൻ സെന്റർ |

| | | |
|---|---|---|
| 58 | കൃഷ്ണൻ സി.എം/7/17<br>പനയകുന്നേൽ | മാതാ എഞ്ചിനീയറിംഗ് വർക്ക്സ് |
| 59 | ഹമീദ് ഇല്ലിക്കൽ/7/20<br>കുമ്പംകല്ല് | മലഞ്ചരക്ക് വ്യാപാരം |
| 60 | ജെയ്മോൻ ചാക്കോ<br>പനം തോട്ടത്തിൽ/7 | പനംതോട്ടത്തിൽ ടയേഴ്സ് |
| 61 | ജോഷി<br>വടക്കേമൂവള്ളൂർ/7 | മരിയ ടൂവീലർ വർക്ക് ഷോപ്പ് |
| 62 | പ്രീത ഷിജി<br>തെക്കേൽ/7 | ലേഡീസ് ടൈലറിംഗ് |
| 63 | ആദർശ് രാജു/7 | എൻ.എം മീറ്റ് സ്റ്റാൾ |
| 64 | മാനുവൽ<br>കദളിക്കാട്ടിൽ/7 | പലചരക്ക് ,സ്റ്റേഷനറി |

മേൽ സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടും ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/26.9.2024) മറുപടി ലഭ്യമായിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് എടുപ്പിക്കേണ്ടതും ലൈസൻസ് ഫീ പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

**1-14 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷത്തേക്കുള്ള പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപന ഉടമ / സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സിബി ചാക്കോ/സെന്റ് ആന്റ്സ് മെഡിക്കൽ ഡയഗ്നോസ്റ്റിക് സെന്റർ |
| 2 | സാറാമ്മ എൻ .വി /പാരാമെഡിക്കൽ ലബോറട്ടറി |
| 3 | ഡോ. രഞ്ജിത് പോൾ/മെഡിക്കൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/26.9.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി ഫീ പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

**1-15 മുൻ വർഷങ്ങളിലെ ഇ-ടെന്റർ ഫോം ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.**

1.1.2015 മുതൽ 31.12.2018 വരെ കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഇ-ടെന്റർ ഫോം ഫീസുകൾ ആകെ ₹55056/- ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് 6.7.2022-ൽ ഡി.ബി. ജനറൽ/2013 കത്ത് മുഖേന ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം 14/26.9.24)ക്ക് ലഭ്യമായ മറുപടിയിൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു**

1) വസ്തു നികുതി രജിസ്റ്റർ പ്രകാരം സച്ചിൻ ജോഷി എന്നിവരുടെ ഉടമസ്ഥതയിലുള്ള 4/118/9-ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 180 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തിന് 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി 2022-2023 വരെ ച.മീറ്ററിന് 65/- രൂപ നിരക്കിലും 2023-24 ൽ ആയതിന്റെ 5% വർദ്ധനവു് വരുത്തിയും വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം ടി കെട്ടിടത്തിന് 100ച.മീറ്റർ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി 2017 ഒന്നാം അർദ്ധവർഷം മുതൽ ച.മീറ്ററിന് 58/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്/നം. | ഉപയോഗക്രമം | വിസ്തീർണ്ണം | നിർണ്ണയിച്ച വാർഷിക വസ്തുനികുതി @58 (10% ഇളവ്, 20% വർദ്ധനവ് 5% ലൈബ്രററി സെസ്സ്, ബഹുനില വാണിജ്യ ത്തിനുള്ള ഇളവ് ഉൾപ്പെടെ,) | നിർണ്ണയിക്കേണ്ട വാർഷിക വസ്തുനികുതി @65 (20% ഇളവ്, 20% വർദ്ധനവ്, 5% ലൈബ്രറി സെസ്സ് ,ബഹുനില വാണിജ്യ ത്തിനുള്ള ഇളവ് ഉൾപ്പെടെ) | ഈടാക്കി യതിൽ കുറവ് | വസ്തു നികുതി നിർണ്ണ യിച്ച കാല യളവ് |
|---|---|---|---|---|---|---|
| സച്ചിൻ ജോഷി/ 4/118/9 | വാണിജ്യാവശ്യം | 180ച.മീ | 180x58= 10440<br>10440-1044+ 2088-574.2 =10910<br>10910+546 =11456 | 180x65 =11700<br>11700-1170+ 2340-574.2 =12296<br>12296+615 =12911 | 1455 | 2017 ഒന്നാം അർദ്ധ വർഷം മുതൽ |

2) വസ്തു നികുതി രജിസ്റ്റർ പ്രകാരം അജിത്കുമാർ എം.എൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 9/8/B നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 120.4 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തിന് 100 ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി 2022-2023 വരെ ച.മീറ്ററിന് 65/- രൂപ നിരക്കിലും 2023-24 ൽ ആയതിന്റെ 5% വർദ്ധനവ് വരുത്തിയും വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം ടി കെട്ടിടത്തിന് 100 ച.മീറ്റർ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി 2014

രണ്ടാം അർദ്ധവർഷം മുതൽ ച.മീറ്ററിന് 58/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്/നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം | നിർണ്ണയിച്ച വാർഷിക വസ്തുനികുതി @58 (20% ഇളവ്, 20% വർദ്ധനവ് 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട വാർഷിക വസ്തു നികുതി @65 (20% ഇളവ്, 20% വർദ്ധനവ്, 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് | വസ്തു നികുതി നിർണ്ണയിച്ച കാലയളവ് |
|---|---|---|---|---|---|---|
| അജിത്കുമാർ എം.എൻ 9/8/B | വാണിജ്യാവശ്യം | 120.4ച.മീ | 120.4x58 =6983 6983-1397 +1397 =6983 6983+349=7332 | 120.4x65 =7826 7826-1565 +1565 =7826+391 =8217 | 885/- | 2014 രണ്ടാം അർദ്ധ വർഷം മുതൽ |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/25.9.2024) ലഭ്യമായ മറുപടിയിൽ സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആയതിനാൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കി രേഖകൾ ഫോം -6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## **<u>1-17 കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല</u>**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകൾ നാളിതുവരെ ക്രമവൽക്കരിക്കുകയോ ക്രമവൽക്കരിക്കുവാൻ സാധിക്കാത്ത കെട്ടിടങ്ങളാണെങ്കിൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| **ക്രമ നം.** | **ഫയൽ നം./തീയതി** | **അപേക്ഷകന്റെ പേര്** |
|---|---|---|
| 1 | 2430/19/3.7.2019 | സുബൈർ തൊട്ടിപ്പറമ്പിൽ |
| **2** | 2150/20/29.6.2020 | പോൾ എൻ .പി നെടുംകല്ലേൽ |
| 3 | 10/21/1.1.2021 | ഷീബ തെക്കേൽ |
| **4** | 2504/21/16.3.2021 | പി. സുരേഷ് കുമാർ |

| | | |
|---|---|---|
| **5** | 3640/2¼.6.2021 | സൽമ ടി.കെ<br>തെക്കേ പുരയിടം |
| **6** | 3793/21/16.6.2021 | സുധീർ പൊടിപ്പാറക്കൽ<br>ഇടവെട്ടി |
| **7** | 4021/21/28.6.2021 | റഷീദ് .എം.പി<br>മഞ്ഞുമറ്റത്തിൽ |
| **8** | 4274/21/12.7.2021 | |

| | | |
|---|---|---|
| | | രഞ്ജിത്ത് ആർ&<br>രാജലക്ഷ്മി |
| **9** | 4374/21/15.7.2021 | സബിത ജബ്ബാർ<br>കല്ലുംപുറത്ത് |
| **10** | 7590/9.12.2021 | റാഫി മുഹമ്മദ്<br>ഉള്ളാട്ടുപാറയിൽ |
| **11** | 261/12.1.2022 | അജീഷ സുധീർ<br>പൊടിപ്പാറക്കൽ |
| **12** | 262/12.1.2022 | അജീഷ സുധീർ<br>പൊടിപ്പാറയിൽ |
| **13** | 263/12.1.2022 | സുധീർ പൊടിപ്പാറയിൽ |
| **14** | 317/15.1.2022 | റോയി ജോസഫ് |
| **15** | 375/18.1.2022 | ഷെമീന ഇടവെട്ടി |
| **16** | 1269/23/16.2.2023 | ജിജോ സെബാസ്റ്റ്യൻ<br>മഞ്ഞപ്പിള്ളിൽ |
| **17** | 1102/22/21.2.2022 | റഫീക്ക് കെ.എസ്<br>കിഴക്കേമഠം |
| **18** | 1554/23/25.2.2023 | ജോബിൻ ജോസ്<br>പുത്തൂർ |
| 19 | 1562/23/27.2.2023 | മുഹമ്മദ് ഇബ്രാഹിം<br>പ്ലാമൂട്ടിൽ |
| **20** | 1756/23/1.3.2023 | യൂസഫ് കാസിം<br>&ജാസ്മിൻ യൂസഫ് |
| **21** | 1963/23/14.3.2023 | ലില്ലി മിനി ഭവൻ |
| **22** | 2627/23/27.4.2023 | ഷമീർ. പി.എസ്<br>പൊടിപ്പാറക്കൽ |
| **23** | 2763/23/6.5.2023 | അമീർ എം.എം<br>മുട്ടത്തുകുന്നേൽ |
| 24 | 2764/23/6.5.2023 | ദീപു ജോസഫ്<br>പുന്നക്കാക്കുഴിയിൽ |
| 25 | 3284/23/29.5.2023 | കെ.ജയൻ&സാവിത്രി ജയൻ<br>കിഴക്കേത്ത് |
| 26 | 3650/23/16.6.2023 | മുഹമ്മദ് ഷരാഫ്<br>ഇളയിടത്ത് |
| 27 | 5315/23/3.10.2023 | സേതുബാബു .സി.എസ് |

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യുഎ നമ്പർ നൽകേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/28.9.2024) മറുപടി ലഭ്യമായിട്ടില്ല. ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് മുകളിൽ കൊടുത്തിരിക്കുന്ന അപേക്ഷകളിൽ ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-18 മരാമത്ത് പ്രവർത്തികളുടെ കുറഞ്ഞപൂർത്തീകരണ ശതമാനം</u>**

2023-24 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തികളുടെ എണ്ണവും ചെലവ് തുകയും | |
|---|---|---|
| | എണ്ണം | അടങ്കൽ /ചെലവ് തുക(രൂപയിൽ) |
| ആകെ വിഭാവനം ചെയ്ത പ്രവൃത്തികൾ | 53 | 15309016(അടങ്കൽ) |
| നടപ്പിലാക്കിയ പ്രൊജക്ടുകൾ | 20 | 5267829 (ചെലവ്) |
| വിഭാവനം ചെയ്തതിലെ തൻവർഷ പ്രൊജക്ടുൾ | 46 | 12362559അടങ്കൽ) |
| നടപ്പിലാക്കിയവയിലെ തൻവർഷ പ്രൊജക്ടുകൾ | 13 | 2366492(ചെലവ്) |
| വിഭാവനം ചെയ്തതവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 7 | 2946457 (അടങ്കൽ) |
| നടപ്പിലാക്കിയവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 7 | 2936853(ചെലവ്) |
| പുർത്തീകരിച്ച് 24-25 ൽ ചെലവ് വന്ന പദ്ധതികൾ | 9 | 2736756 (ചെലവ്) |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും താഴെ കാണുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1) ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ 37.73 ശതമാനം മാത്രമാണ് നടപ്പിലാക്കിയ പ്രൊജക്ടുകൾ. അതുപോലെ ആകെ അടങ്കൽ തുകയുടെ 34.41 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

2) തൻവർഷം നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ 35 ശതമാനവും സ്പിൽ ഓവർ പ്രവർത്തികളാണ്.

3) തൻവർഷം വിഭാവനം ചെയ്ത പദ്ധതികളിൽ പകുതിപോലും നടപ്പിലാക്കാൻ സാധിക്കാതെ സ്പിൽ ഓവർ പദ്ധതികളാക്കി.

മുകളിൽ പറഞ്ഞിരിക്കുന്ന വിധം 2022-23 വർഷത്തിലെ പ്രവൃത്തികൾ സ്പിൽ ഓവറായി വരുവാനുണ്ടായ സാഹചര്യവും 2023-24 വർഷത്തെ തൻവർഷ പ്രോജക്ടുകൾ ബഹുഭൂരിപക്ഷവും സ്പിൽ ഓവറാകുന്നതിനുണ്ടായ കാരണവും വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/26.9.2024)ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള സമയ ലഭ്യതകുറവും ഫണ്ടിന്റെ അപര്യാപ്തതയുമാണ് ഇതിനുകാരണമെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവർത്തികൾ ഭൂരിപക്ഷവും സ്പിൽ ഓവറായി വരുന്നത് തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-19 ഇലക്ഷൻ ഡെപ്പോസിറ്റ്- തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹41000/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-20 പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വൻ തുക ഒടുക്കാൻ അവശേഷിക്കുന്നു**

ധനകാര്യപത്രികയുടെ B-9 പട്ടിക അനുസരിച്ച്, പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹577902/- (ഹെഡ് കോഡ് നം.351101104) പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറാൻ അവശേഷിക്കുന്നുണ്ട്.

പെൻഷൻ കോൺട്രിബ്യൂഷൻ ആണെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ലെന്നും ആയത് ഉറപ്പാക്കിയതിനു ശേഷം ടി തുകയും അതേ ഹെഡിൽ അവശേഷിക്കുന്ന ബാക്കി തുകയും ഒടുക്കു വരുത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങൾ കണ്ടെത്തി തുക ഒടുക്കു വരുത്തി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-21 ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻ സെക്രട്ടറിയായ ശ്രീ.അബദുൾ സമദ് പി.എം. ₹8000/- പഞ്ചായത്തിലേക്ക് തിരികെ ഒടുക്കുവാനുണ്ട്. ടി തുക ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

## 1-22 രേഖകൾ പ്രകാരം എ.പി.എൽ കുടുംബാംഗമായ വ്യക്തിക്ക് അതിദാരിദ്ര്യ ഗണത്തിലുൾപ്പെടുത്തി ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതി,നമ്പർ | അതിദാരിദ്ര്യ നിർമ്മാർജ്ജനം- വീട് വാസയോഗ്യമാക്കൽ, 121/24 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തെക്കുംഭാഗം |
| അടങ്കൽ₹ | 200000/-തനത് ഫണ്ട്,ജില്ലാ പഞ്ചായത്ത് ഫണ്ട് |
| ചെലവ്₹ | 180,000/- |
| ബിൽ റഫറൻസ് നം ./തീയതി/ തുക₹ | 23100552021201089478/19-01-24/40,000/-<br>(20,000)(ജില്ലാ പഞ്ചായത്ത്)<br>273/14-03-2024/200000 (തനത് ഫണ്ട്) |

പദ്ധതി പ്രകാരം ദീപ പി.ആർ., പറയാനിക്കൽ എന്ന വ്യക്തിക്ക് ഭവന പുനരുദ്ധാരണ ആനുകൂല്യം ₹40,000/- നൽകിയിട്ടുണ്ട്. ടിയാളുടെ കുടുംബം ഉൾപ്പെട്ട റേഷൻ കാർഡ് ഗവ. ജോലിക്കാർ ഉള്ളതിനാൽ 22/08/2017 പ്രാബല്യത്തിൽ ബിപിഎൽ കാർഡിൽ നിന്ന് മാറ്റം വരുത്തി ഏപിഎൽ കാർഡായി ഉയർത്തിയിട്ടുണ്ട്. രേഖകൾ പ്രകാരം ടിയാൾക്ക് ആനുകൂല്യത്തിന് അർഹതയുള്ളതായി കാണുന്നില്ല. അതിദരിദ്ര മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/25-09-24) ലഭ്യമാക്കിയ മറുപടിയിൽ ദീപ ഒറ്റക്കാണ് താമസമെന്നും റേഷൻ കാർഡിൽ സർക്കാർ ജീവനം കാണിച്ചിട്ടുള്ള വ്യക്തി അച്ഛന്റെയും രണ്ടാനമ്മയുടെയും മകളും വിവാഹിതയുമായ വ്യക്തിയാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള വ്യക്തിയായതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ APL റേഷൻകാർഡിൽ ഉൾപ്പെട്ടതും ടിയാളുടെ പിതാവുൾപ്പടെ വരുമാനദായകരായ അംഗങ്ങൾ ഉള്ളതുമായ കാർഡിൽ ഉൾപ്പെട്ടതിനാൽ ടിയാൾക്ക് അതിദരിദ്രരുടെ ഗണത്തിൽ പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ളത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ് . ആയതിനാൽ അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ ടി വ്യക്തിക്ക് നൽകിയ ₹40,000/-യുടെ ആനുകൂല്യം തടസ്സപ്പെടുത്തുന്നു.

## 1-23 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ

മുൻ വർഷങ്ങളിലുൾപ്പെടെ ലൈഫ് ഭവനപദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വിഭാഗം | കരാർ തീയതി | നൽകിയ തുക ₹ | സ്റ്റേജ് |
|---|---|---|---|---|---|
| 1 | ശിവദാസ് എം.എ.,മുടലിക്കണ്ടത്തിൽ | പട്ടികജാതി | 13/06/2018 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 2 | അജി പി.സി.,പുരമടം | പട്ടികജാതി | 18/06/2020 | 350,000 | ലിന്റൽ |
| 3 | റസിയ പി.എസ്, ചൂരത്തൊട്ടിയിൽ | ജനറൽ | 01/10/2020 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 4 | അന്നമ്മ കുരുവിള, മുരിക്കുംതോട്ടത്തിൽ | പട്ടികവർഗ്ഗം | 19/11/2020 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 5 | ഗിരീഷ് പി.കെ. പുത്തൻപുരയിൽ | പട്ടികജാതി | 28/06/2021 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 6 | ലിബിൻ നൈനിച്ചൻ,പെരിങ്ങാട്ടിൽ | പട്ടികവർഗ്ഗം | 20/10/2021 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 7 | തങ്കച്ചൻ പി.കെ.,പഴുക്കാത്താരയിൽ | പട്ടികജാതി | 30/07/20222 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 8 | ബാബു പി.പി.,പരപ്പിൽ | പട്ടികജാതി | 2/02/2023 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 9 | ബിജു ജോസഫ് ,പുത്തൻപുരയിൽ | പട്ടികവർഗ്ഗം | 31/01/2023 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 10 | ജിത്തുമോൻ സി.റ്റി. , ചെറുപ്ലാക്കൽ | പട്ടികജാതി | 23/03/2023 | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല |

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-24 ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ഗുണഭോക്താവിന്റെ പേരിലുള്ള ആനുകൂല്യം നൽകി**

| | |
|---|---|
| പദ്ധതി,നമ്പർ | ഭവന പുനരുദ്ധാരണം (പട്ടികജാതി), 50/24 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തെക്കുംഭാഗം |
| അടങ്കൽ₹ | 600000(എസ്.സി.പി)സ്പിൽ ഓവർ |
| ചെലവ്₹ | 600000/- |
| ബിൽ റഫറൻസ് നം. തീയതി,തുക | 231005520212003588841/25-07-23/50000 |

മേൽ പദ്ധതി പ്രകാരം ശ്രീമതി.ശാരദ സോമൻ, കൊറ്റാലക്കുടിയിൽ എന്നയാളാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ടിയാൾക്ക് ആനുകൂല്യം നൽകുന്നതിനു പകരം ടിയാളുടെ മകളായ ശ്രീമതി. സബിത ജിജിമോൻ , പുത്തൻപുരക്കൽ എന്ന വ്യക്തിക്ക് ഭവന പുനരുദ്ധാരണ ആനുകൂല്യമായി ₹50,000/- നൽകിയിരിക്കുന്നു. ടി ഭവനം ശ്രീമതി.സബിത ജിജിമോന്റെ ഉടമസ്ഥതയിലുള്ളതും ടിയാൾ കുടുംബമായി താമസിക്കുന്നതുമാണ്. റേഷൻ കാർഡിൽ ശാരദ സോമൻ എന്ന ആൾ ഉൾപ്പെട്ടിട്ടുമില്ല. സബ്സിഡി മാനദണ്ഡപ്രകാരം വീടിന്റെ ഉടമയ്ക്കോ അല്ലാത്ത പക്ഷം ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ട യോഗ്യനായ വ്യക്തിക്കോ മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും ഗുണഭോക്താവിന്റെ റേഷൻ കാർഡിൽ ഉൾപ്പെടാത്തതുമായ വ്യക്തിക്കാണ് ആനുകൂല്യം നൽകിയത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.7/25-09-2024 നൽകിയിരുന്നു. ശാരദ സോമൻ മകളായ സുജിതയുടെ വീട്ടിലാണ് കഴിയുന്നതെന്നും കമ്മിറ്റി

തീരുമാന പ്രകാരമാണ് ടിയാൾക്ക് പകരം മകളായ ശ്രീമതി സബിത ജിജിമോന് ആനുകൂല്യം നൽകിയതെന്നും മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ ശ്രീമതി ശാരദ സോമൻ, കൊറ്റാലക്കുടിയിൽ എന്നയാൾക്ക് സ്വന്തമായി റേഷൻകാർഡ് ഉള്ളതാണ്. ഗുണഭോക്തൃ ലിസ്റ്റിലുള്ള വ്യക്തിയുടെ പേരിൽ ആനുകൂല്യം നൽകുന്നതിന് പകരം മറ്റൊരു റേഷൻകാർഡിൽ ഉൾപ്പെട്ട മകൾക്ക് ആനുകൂല്യം നൽകിയതിനാൽ പദ്ധതി പ്രകാരം ടിയാൾക്ക് നൽകിയ ₹50,000/- യുടെ ആനുകൂല്യം തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-25 എയർ കണ്ടിഷൻ ,ഇൻവെർട്ടർ എന്നിവ സ്ഥാപിക്കൽ -പദ്ധതി നടപ്പാക്കിയിട്ടില്ല

തൻവർഷം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി നമ്പർ 116/24(SO)

പദ്ധതി -ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

| വൗച്ചർ നം.തിയതി | തുക ₹ | റിമാർക്സ് |
|---|---|---|
| 223301020/14-3-24 | 74600 | ഇടവെട്ടി പി.എച്ച്.സി യിലെ ലാബ് കെട്ടിടത്തിലേക്ക് എയർ കണ്ടിഷൻ സ്ഥാപിക്കുന്നതിന് PWD Electrical Section Executive Engineer പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ -ലേക്ക് ₹74600/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവർത്തി നാളിതുവരെ നടപ്പാക്കിയിട്ടില്ല |

2) പദ്ധതി നമ്പർ 115/24(SO)

പദ്ധതി -ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ

| വൗച്ചർ നം.തിയതി | തുക ₹ | റിമാർക്സ് |
|---|---|---|
| 22301046/21/3/24 | 68600 | ഇടവെട്ടി പി.എച്ച്.സി യിലെ ലാബ് കെട്ടിടത്തിലേക്ക് ഇൻവർട്ടർ സ്ഥാപിക്കുന്നതിന് PWD Electrical Section Executive Engineer പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ-ലേക്ക് ₹68600/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .പ്രവർത്തി നാളിതുവരെ നടപ്പാക്കിയിട്ടില്ല |

ഡെപ്പോസിറ്റ് പ്രവർത്തികൾ നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. മുൻകൂർ തുക നൽകിയിട്ടും ഇതേവരെ പ്രവൃത്തി നടപ്പാക്കാത്തതിനാൽ ₹143200/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ലാബ് ടെക്നിഷ്യൻ നിയമനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പദ്ധതി നമ്പർ-7/23-24

പദ്ധതി-ലാബ് ടെക്നിഷ്യൻ വേതനം നല്കൽ

അടങ്കൽ – ₹ 275000/-

ചെലവ് – ₹226950/-(തനത് ഫണ്ട്)

സ.ഉ (സാധാ)നം.1523/2023/LSGD തിയതി 26-07-2023 ഉത്തരവ് പ്രകാരം ആവർത്തനചെലവുകൾ വരുന്ന പദ്ധതികൾ (ദിവസ വേതന/കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിയമനം)സർക്കാർ അനുമതിയില്ലാതെ ഏറ്റെടുക്കരുത്

എന്നിരിക്കെ തൻവർഷം ഇടവെട്ടി പ്രൈമറി ഹെൽത്ത് സെന്ററിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുകയും വേതനം നൽകുകയും ചെയ്തിരിക്കുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തിയതി | തുക ₹ | വേതനം കൈപ്പറ്റിയ മാസം | പേര് |
|---|---|---|---|
| 23-6-23 | 39950 | 4/23,5/23 | ആഷിത ബഷീർ |
| 15-7-23 | 18700 | 6/23 | ആഷിത ബഷീർ |
| 16-9-23 | 22100 | 7/23 | ആഷിത ബഷീർ |
| 7-9-23 | 22100 | 8/23 | ആഷിത ബഷീർ |
| 8-10-23 | 19550 | 9/23 | ആഷിത ബഷീർ(11900)<br>ശരണ്യമോൾ വി.എസ്<br>20-9-23 മുതൽ 30-9-23 വരെ(7650) |
| 5-11-23 | 21250 | 10/23 | ശരണ്യമോൾ വി.എസ് |
| 4-12-23 | 19550 | 11/23 | ശരണ്യമോൾ വി.എസ് |
| 8-1-24 | 21250 | 12/23 | ശരണ്യമോൾ വി.എസ് |
| 12-2-24 | 21250 | 1/24 | ശരണ്യമോൾ വി.എസ് |
| 10-3-24 | 21250 | 2/24 | ശരണ്യമോൾ വി.എസ് |

സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവ് ചെയ്തത് ക്രമവിരുദ്ധമാണ്. പദ്ധതികൾ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിധേയമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 തൊഴിലുറപ്പ് പദ്ധതി -അപാകതകൾ**

തൻവർഷം NREGA പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെ പറയുന്ന പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്,കോഡ് നം | അപാകത | റിമാർക്സ് |
|---|---|---|
| കല്ലുകയ്യാല നിർമ്മാണം ശ്രീകാന്ത് ആർ. വാർഡ് 3-Wc/562017 | അളവ് ബുക്ക് പ്രകാരം 251.4$m^2$ കയ്യാല ഉണ്ടാകേണ്ടതിൽ 173.5$m^2$ ആദ്യം നിർമിച്ചു പിന്നീട് 10$M^2$ കയ്യാല പുനർനിർമ്മിച്ചു നല്കി | 67.9 $M^2$ കയ്യാല നിർമ്മിക്കാൻ അവശേഷിക്കുന്നു.251.4$M^2$ ന് തുക മാറി നല്കി. |
| മഴക്കുഴി നിർമ്മാണം വാർഡ് 1 Wc/568080 | സൈറ്റ് ഒന്ന് അളവ് ബുക്ക് പ്രകാരം രാമൻനായർ, വീരമാണിക്യതടത്തിൽ എന്ന വ്യക്തിയുടെ പുരയിടത്തിൽ 152 മഴക്കുഴികൾ ഉണ്ടാകേണ്ടതിൽ 49 മഴക്കുഴികൾ ആണ് നിർമ്മിച്ചത് | 75 മഴക്കുഴികൾ പുനനിർമ്മിച്ചു നല്കി 28 മഴക്കുഴികൾ നിർമ്മിക്കാൻ ശേഷിക്കുന്നു. |
| | സൈറ്റ് രണ്ട് അളവ് ബുക്ക് പ്രകാരം ഇന്ദിര തോപ്പിൽ എന്ന വ്യക്തിയുടെ പുരയിടത്തിൽ 200 മഴക്കുഴികൾ | 154 മഴക്കുഴികൾ നിർമ്മിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. |

| | | |
|---|---|---|
| | ഉണ്ടാകേണ്ടതിൽ 46 മഴക്കുഴികളാണ് കാണുവാനുള്ളത് . | |
| മഴക്കുഴി നിർമ്മാണം, വാർഡ് 8 Wc/624341 | അളവ് ബുക്ക് പ്രകാരം 577 കുഴികൾ നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. | 141 മഴക്കുഴികൾ നിർമ്മിക്കാൻ ശേഷിക്കുന്നതായി മറുപടി ലഭ്യമാക്കി |
| വാർഡ്-1, WC/GIS/6523 നാരായണമേനോൻ മണ്ണാർമറ്റത്തിൽ അധിക ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം | അളവ് ബുക്ക് പ്രകാരം 384.8$m^3$ അളവിൽ ആണ് കാന നിർമ്മിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് | യഥാർത്ഥത്തിൽ 313.3 $M^3$ കാന കുറവാണ് പണിതിട്ടുള്ളത്. |
| മഴക്കുഴി നിർമ്മാണം വാർഡ് 5WC/GIS/27727/ | അളവ് ബുക്ക് പ്രകാരം 75 കുഴികൾ ആണ് ഉള്ളത് എന്നാൽ 25 കുഴികളാണ് കാണുവാനുള്ളത് . | 50 എണ്ണം മഴക്കുഴികൾ നിർമ്മിക്കാനുണ്ട് എന്ന് മറുപടി ലഭ്യമാക്കി |
| മഴക്കുഴി നിർമ്മാണം വാർഡ് 5 ,WC/GIS/25799/ | അളവ് ബുക്ക് പ്രകാരം 183 കുഴികൾ ആണ് ഉള്ളത് എന്നാൽ 143 കുഴികളാണ് കാണുവാനുള്ളത് . | 40 എണ്ണം മഴക്കുഴികൾ നിർമ്മിക്കാനുണ്ട് എന്ന് മറുപടി ലഭ്യമാക്കി |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/27.09.24 ന് മറുപടി ലഭ്യമാക്കിയിരുന്നു. ചെയ്യാത്ത പ്രവർത്തികൾക്ക് തുക മാറി നല്കിയത് ക്രമവിരുദ്ധമാണ്. ഭരണസമിതി തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-28 വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കാനവശേഷിക്കുന്നു.₹11583786/-**

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക, പിഴപ്പലിശ എന്നിവ ഉൾപ്പടെ 2023-24 സാമ്പത്തിക വർഷാരംഭത്തിൽ ₹75,42,814/- ആയിരുന്നു(ബിൽ നം.73375/13-04-23). ഇത് 14-12-2022 ൽ സംയുക്ത പരിശോധന നടത്തി 45 പൊതു ടാപ്പുകൾ ഉള്ളതായി റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിലുള്ളതാണ് . ടി വിവരം 22-05-2023 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 45 ടാപ്പുകളിൽ 37 എണ്ണം ഉപയോഗശൂന്യമാണെന്നും 8 എണ്ണം മാത്രം നിലനിർത്തി മുൻകാല പ്രാബല്യത്തോടെ വെള്ളക്കരം കുടിശ്ശിക അടവാക്കുന്നതാണെന്ന് വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതിനായി 14(1) നമ്പർ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 07-06-23 A4-3089/21(Iii) കത്ത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2019 മുതൽ സംയുക്ത പരിശോധന നടത്തുവാൻ ആവശ്യപ്പെട്ടിടും ആയത് വൈകിയതിനാലാണ് വൻ തുക കുടിശ്ശിക ആയി പഞ്ചായത്തിന് ബാധ്യ വന്നിട്ടുള്ളതെന്നം തുക പുനർ നിർണ്ണയിച്ച് നൽകുന്നതിന് ജല അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് ആക്ഷേപം നൽകുന്നതിനും ശേഷം മാത്രം കുടിശ്ശിക അടവാക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. വാട്ടർ ചാർജ് ഇനത്തിൽ 2020 ന് ശേഷം പഞ്ചായത്ത് തുക അടവാക്കിയിട്ടില്ല. 07-09-2024 ലെ 88783 നമ്പർ ബിൽ പ്രകാരം ₹1.15.83.786/- യാണ് നിലവിൽ കുടിശ്ശിക. ഭീമമായ വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അടിയന്തിരമായി കുടിശ്ശിക ഒടുക്കി വിവരമറിയിക്കേണ്ടതാണ്. ധനകാര്യ

സ്റ്റാന്റിങ്ങ് കമ്മിറ്റി, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-29 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എഎംസി പുതുക്കൽ -അപാകതകൾ**

| വൗച്ചർ നമ്പർ തിയതി | തുക ₹ |
|---|---|
| 22300397/26.08.23 | 75426 |
| പ്രോജക്റ്റ് നമ്പർ | 04/24 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എഎംസി പുതുക്കൽ എന്ന പദ്ധതിക്കായി കെൽട്രോൺ എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടുള്ളതാണ്. 12 ഉപകരണങ്ങൾ പുതുക്കുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്.മേൽ സൂചിത വൗച്ചർ പ്രകാരം ₹75426/- തുക നൽകിയിട്ടുണ്ട്.എന്നാൽ ഹാർഡ് വെയർ രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും കമ്പ്യൂട്ടറുകളുടെ കാര്യങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഏത് വർഷം വാങ്ങിയതാണെന്നോ, എത്ര വർഷം വാറന്റി ഉണ്ടെന്നോ, കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാൻ തുടങ്ങിയ തിയതി, എ.എം.സിയുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.16/27.09.24)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-30 പട്ടികജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -രേഖകൾ ഹാജരാക്കിയില്ല**

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ “പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്” എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ടി പദ്ധതിക്കായി 26 വിദ്യാർത്ഥികൾക്കായി ₹790000/- ചെലവഴിച്ചിട്ടുണ്ട്.

ത.സ്വ.ഭ.വ 28.05.2022 തിയതിയിലെ സ.ഉ (കൈ) നം. 115/2022 സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതുമായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികൾ ഈ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

(1)

| പേര് | ബിൽ നമ്പർ /തിയതി | നൽകിയ തുക ₹ |
|---|---|---|
| നിഖിത മനോഹർ | 23100552012101080257/18.01.24 | 25000 |
| ഗായത്രി ഗംഗാധരൻ | 31005520121010886261/18.01.24 | 20000 |

(2) കാവ്യ ചന്ദ്രൻ എന്ന വിദ്യാർത്ഥിക്ക് 23100552012101062163/12.01.24 ബിൽ പ്രകാരം സ്കോളർഷിപ്പ് ആയി ₹50000/-നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥിയുടെ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(3) അശ്വിൻ സുനീഷ് എന്ന വിദ്യാർത്ഥിക്ക് 23100552012101062142/10.01.24 ബിൽ പ്രകാരം സ്കോളർഷിപ്പ് ആയി ₹15000/-നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(17/27.09.23) മറുപടി ഹാജരാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി ചെലവഴിച്ച ₹110000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 സ്ട്രീറ്റ് ലൈറ്റ് വാങ്ങിക്കലും സ്ഥാപിക്കലും മെയിന്റനൻസും -അപാകതകൾ

പ്രോജക്ട് : 117/23-24 സ്ട്രീറ്റ് ലൈറ്റ് വാങ്ങിക്കലും സ്ഥാപിക്കലും മെയിന്റനൻസും

അടങ്കൽ : ₹343086/- (വികസന ഫണ്ട്-പൊതു വിഭാഗം)

ചെലവ് : ₹318000/-

BRN-No.23100552016200780020/13.11.23/₹318000/-

സെക്രട്ടറി നിർവ്വഹിച്ച മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് വാങ്ങിക്കലും സ്ഥാപിക്കലും മെയിന്റനൻസിനുമായി തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനമായ ക്രൂസ്-ൽ നിന്നുമാണ് ഒരു ലൈറ്റിന് ₹2450.61/ലൈറ്റ് എന്ന നിരക്കിൽ വാങ്ങിയിട്ടുള്ളത്. ക്രൂസ് എന്ന സ്ഥാപനത്തെ 15.02.2023 ലെ 2(1) ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 13.02.2023 തിയ്യതിയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ 140 എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/ ത.സ്വ.ഭ.വ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്ക് അനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2. 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവര ശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. വിവരശേഖരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്ട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല. എത്ര ബൾബുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്നു വ്യക്തമാക്കുന്ന ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3. ഗവ. ഉത്തരവ് നം. ജി2-44274/2015 തി. 17.08.15 പ്രകാരം റിപ്പയറിംഗിനായി വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരൻ നേരിട്ടാണ് വാങ്ങുന്നതെങ്കിൽ ബിൽ/ഇൻവോയ്സ് പ്രോജക്റ്റ് ഫയലിനൊപ്പം വക്കേണ്ടതുണ്ട്. എന്നാൽ പ്രോജക്റ്റ് ഫയലിൽ റിപ്പയറിനായി വാങ്ങിയ ഉപകരണങ്ങളുടെ ബിൽ/ഇൻവോയ്സ് ചേർത്തിട്ടില്ല. കൂടാതെ കേടായ

സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4. ടെണ്ടർ വ്യവസ്ഥ 2 പ്രകാരം മാറ്റി വെച്ച തെരുവു വിളക്കുകൾക്ക് കരാർ തിയതി മുതൽ രണ്ട് വർഷത്തെ മാറ്റിസ്ഥാപിക്കൽ ഗ്യാരണ്ടി ഉറപ്പ് വരുത്തുന്നുണ്ട്. ആയതിനായി ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം ബൾബുകൾ മാറ്റിവെച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇത്തരമൊരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥാപനം നൽകിയ ബിൽ പ്രകാരം 140 തെരുവു വിളക്കുകൾ മാറ്റി സ്ഥാപിച്ചതായാണ് കാണുന്നത്.

5. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽ പ്രോജക്ടിന് തുക അനുവദിച്ചിട്ടുള്ളത്.

6. എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ച സ്ഥാപനത്തിന് മേൽ സൂചിത ബിൽ പ്രകാരം (80020/13.11.23) നൽകിയ തുകയ്ക്ക് നിയമാനുസൃത കിഴിവുകൾ (ജി.എസ്.ടി. 18% ) നടത്തി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കിയിട്ടില്ല.

7. ടെണ്ടറിനോടൊപ്പം സ്ഥാപിക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (വ്യവസ്ഥ.നം-7) ആയതിന്റെ ഗുണനിലവാരം പരിശോധിച്ച ശേഷമായിരിക്കും ടെണ്ടർ അന്തിമമായി പരിഗണിക്കുന്നത് എന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കിയതിന്റെയൊ ആയത് പരിശോധിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.
മേൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ₹318000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.15/27.09.23)മറുപടി ലഭ്യമാക്കിയില്ല.

## 1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം

ആമുഖം
നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ നാലു വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ – മാലിന്യ സംസ്കരണം. പുതിയ ശുചിത്വ സംസ്കരണ നിയമ പ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരൻമാരിൽ അനുകൂല മനോഭാവവും ശീലവും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ ശുചിത്വ സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ഹരിതകേരളം പദ്ധതിയുടെ ഉപദൗത്യമായ ശുചിത്വ – മാലിന്യ സംസ്കരണത്തിന്റെ ലക്ഷ്യങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിതകർമ്മസേന പ്രവർത്തനമാർഗ്ഗരേഖ

ഹരിതകർമ്മസേനയുടെ പ്രവർത്തനമാർഗ്ഗരേഖ സ.ഉ ( സാധാ) നം 1496/2020/ത.സ്വ.ഭ.വ തീ: 12.08.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സ്വകാര്യ – സർക്കാർ ഏജൻസികളുടെയും സഹായത്തോടെയാണ് ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിനു അനുസൃതമായി മാലിന്യശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടോപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. ഹരിതകർമ്മസേന രൂപീകരിക്കുക, സേനയുടെ പ്രവർത്തനത്തിനാവശ്യമായ അനുബന്ധ പരിപാടികൾ സംഘടിപ്പിക്കൽ, സേനയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന സംരംഭ സാധ്യതകൾ കണ്ടെത്തി നൽകൽ, സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രാഥമിക ചുമതലകളിൽ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വിവിധ വിഷയങ്ങളിൽ വിവരശേഖരണം നടത്തിയതിന്റെയും, ഫീൽഡ് തലത്തിലുള്ള പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

18471 ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തിന്റെ വിസ്തൃതിയുടെ ഏറിയ പങ്കും ജനവാസ മേഖലയും കൃഷി ഭൂമിയുമാണ്. വൻ വ്യവസായങ്ങൾ ഇല്ലാത്തതിനാൽ വ്യവസായ മലിനീകരണങ്ങൾ കുറവാണെങ്കിലും പഞ്ചായത്തിൽ വ്യാപകമായി പാറമടകളും കൃഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 13 വാർഡുകളിലായി 4226 ആൾ താമസമുള്ള ഭവനങ്ങളും, 343 വാണിജ്യ സ്ഥാപനങ്ങളും ഉണ്ട്. ഗ്രാമ പഞ്ചായത്തിൽ 2018 മുതൽ ഹരിതകർമ്മ സേന പ്രവർത്തിച്ചു വരുന്നു. 13 വാർഡുകളിലായി 26 ഹരിതകർമ്മ സേനാംഗങ്ങളാണ് നിലവിലുള്ളത്.

2)മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാലിന്യ ശേഖരണം നടത്തി വരുന്നു.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിച്ച മാലിന്യത്തിന്റെ 65% മാത്രമേ ഉറവിടത്തിൽ നിന്നും വേർതിരിച്ച് ക്രമീകരിക്കാൻ സാധിക്കുന്നുള്ളൂ. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ സാധിക്കാത്തതിനാൽ ബാക്കി 35% മാലിന്യം എം.സി.എഫിൽ നിന്നാണ് വേർതിരിച്ച് ക്രമീകരിക്കുന്നത്.

റീസൈക്ലിംഗ്

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നതിനു ബോധവൽക്കരണം നൽകിയിട്ടുണ്ടെങ്കിലും ശ്രദ്ധേയമായ നേട്ടങ്ങളൊന്നും തന്നെ കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല.

4) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സ്കൂൾ കുട്ടികളിൽ മാലിന്യ സംസ്കരണ രീതികളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനു ഹരിത സഭ സംഘടിപ്പിച്ചു. കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിലുള്ള ജന വിഭാഗങ്ങളിലേക്കെത്തുന്ന രീതിയിൽ സമഗ്രമായ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

5) തൊഴിൽ സൃഷ്ടിക്കൽ

യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. ഒരു അംഗത്തിനു ലഭിക്കുന്ന ശരാശരി പ്രതിമാസ വരുമാനം പതിനായിരം രൂപയിൽ താഴെയാണ്. നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും മാലിന്യ ശേഖരണത്തോടൊപ്പം മറ്റു സംരഭക പ്രവർത്തനങ്ങളിലേക്കും ഹരിതകർമ്മ സേനയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനു ഇടപെടൽ ഉണ്ടായിട്ടില്ല.

6) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. യൂണിഫോം , സുരക്ഷാ ഉപകരണങ്ങൾ , വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി തീരുമാനപ്രകാരം സമിപ പഞ്ചായത്തായ ആലക്കോട് പഞ്ചായത്തിന്റെ വാഹനം ഇടവെട്ടി പഞ്ചായത്തിന്റെ ഹരിതകർമ്മസേന യുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു.

7) പാരിസ്ഥിതിക ആഘാതം

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗത്തിനെതിരെയും, മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും നടപടി സ്വീകരിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ഭാഗികമായി വിജയിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിഞ്ഞതിനു 3 സ്ഥാപനങ്ങളിൽ നിന്നും 22000 /- രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

8) പരിശീലനവും വികസനവും

കില, ശുചിത്വ മിഷൻ എന്നിവ മുഖേനയും , ബ്ളോക്ക് പഞ്ചായത്ത് തലത്തിലും പരിശീലനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിശീലന പദ്ധതികളിലൂടെ ഹരിതകർമ്മ സേനയുടെ അറിവും, കഴിവുകളും , വർദ്ധിപ്പിച്ച് പ്രൊഫഷണൽ വികസനം സാധ്യമാക്കിയിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടില്ല.

10) ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമ്മസേനയുടെ യോഗങ്ങളിൽ സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. എന്നാൽ സേനാംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി അവതരിപ്പിക്കപ്പെടുന്നില്ല. ഇക്കാരണത്താൽ പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നതിനു സാധ്യമാകാതെ വരുന്നു.

11) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

7 വാർഡുകളിലായി 8 മിനി എം.സി.എഫുകൾ, പഞ്ചായത്ത് തലത്തിൽ ഒരു എം.സി.എഫ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്, ഷ്രഡിംഗ് യൂണിറ്റ്, ബെയ്ലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടില്ല. എം.സി.എഫിനു അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസ് കെട്ടിടം , ശുചിമുറി, വെള്ളം,അഗ്നി രക്ഷാ ഉപകരണങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.സി.എഫിനു 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണ് നിലവിലുള്ളത്. എം.സി.എഫിനുള്ളിൽ സ്ഥലപരിമിതി ഉണ്ട്. കൈകാര്യം ചെയ്യുന്ന മാലന്യത്തിനനുസൃതമായി MCF-ന് ആവശ്യത്തിന് വിസ്തൃതിയില്ല. സ.ഉ(സാധാ)നം.1496/ 2020/ ത.സ്വ.ഭ.വ തീ: 12.08.2020 പ്രകാരമുള്ള പ്രവർത്തന മാർഗ്ഗരേഖയിൽ, വാർഡ് തലത്തിലുള്ള

മിനി എം.സി.എഫുകൾക്ക് 150 സ്ക്വയർ ഫീറ്റ് വിസ്തൃതിയും, പഞ്ചായത്തു തലത്തിൽ എം.സി.എഫ്-ന് 1000 സ്ക്വയർ ഫീറ്റ് വിസ്തൃതിയും വേണമെന്ന് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാൻ സാധിച്ചിട്ടില്ല.

12 ഹരിത കർമ്മസേനയുടെ രൂപീകരണം മുതൽ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി

ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ച് ആറു വർഷം പൂർത്തിയാകുമ്പോൾ ആശാവഹമായ പുരോഗതി കൈവരിക്കുന്നതിനു 2022-23 , 2023-24 വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. 13 വാർഡുകളിലായി യൂസർ ഫീ ഇനത്തിൽ 2023 ഏപ്രിൽ മാസം ലഭിച്ചത് 77750/- രൂപയാണ്. 2024 മാർച്ച് മാസം യൂസർ ഫീ ഇനത്തിലുള്ള വരവ് 161950/- രൂപയായി ഉയർത്താൻ സാധിച്ചു. വരുമാനത്തിലെ വർദ്ധനവ് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ വന്നിട്ടുള്ള പുരോഗതിയെ സൂചിപ്പിക്കുന്നു.

ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് ഹരിത കർമ്മസേനയുടെ പ്രവർത്തനം കൃത്യമായി മോണിട്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ സേനാംഗങ്ങൾക്കും സ്മാർട്ട് ഫോൺ ലഭ്യമാക്കുന്നതിനു സാധിച്ചു. QR കോഡ് സംവിധാനം മുഖേനയാണ് ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കുന്നത്.

<u>ശുപാർശകൾ</u>

മേൽ പരാമർശിച്ച വിവിധ വിഷയങ്ങളിൽ നിന്നും, ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും അതു വഴി സാമ്പത്തിക സ്വയം പര്യാപ്തത ആർജ്ജിക്കുന്നതിനും സമൂഹത്തിൽ ഒരു പുതിയ ശുചിത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനും ചുവടെ ചേർക്കുന്ന മേഖലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനു ശുപാർശ ചെയ്യുന്നു.

1) വിദ്യാലയങ്ങളിൽ നിന്നും തുടങ്ങി, സമൂഹത്തിലെ ഓരോ വിഭാഗത്തിനെയും ബോധവൽക്കരിക്കുന്നതിനുള്ള കാമ്പെയ്നുകൾ, പരിശീല പരിപാടികൾ എന്നിവ സംഘടിപ്പിച്ച് ശുചിത്വ ബോധമുള്ള ഒരു സമൂഹത്തിനെ വാർത്തെടുക്കുക.
2) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് മാതൃകാ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളെയും, സ്ഥാപനങ്ങളെയും ആദരിച്ചും പ്രോത്സാഹന സമ്മാനങ്ങൾ നൽകിയും വിഷയത്തിലേക്കു പൊതുജന ശ്രദ്ധ ആകർഷിക്കുക.
3) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും, മെച്ചപ്പെട്ട സ്ഥിര വരുമാനം ഉറപ്പാക്കിയും ഹരിതകർമ്മ സേനയെ ശാക്തീകരിക്കുക.
4) മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ എം.സി.എഫ്. സജ്ജീകരിക്കുക.
5) ജൈവ, അജൈവ മാലിന്യങ്ങളിൽ നിന്നും വിവിധ ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കുള്ള സാധ്യതകൾ കണ്ടെത്തുക.
6) സ്വകാര്യ – പൊതു പരിപാടികളിൽ ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാക്കുക.
7) പൊതു ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കു കരുത്തു പകരുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 995000 | ലൈഫ് ഭവന പദ്ധതി ജനറൽ(38/24) | 995000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 400000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(26/24) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 100000 | ലൈഫ് ഭവന പദ്ധതി ടി.എസ്.പി(47/24) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 500000 | മാർത്തോമ കാകച്ചിറ റോഡ് കോൺക്രീറ്റിംഗ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1610000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി(43/24 | 1610000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 40000 | അതി ദാരിദ്ര നിർമ്മാർജനം-വീട് വാസയോഗ്യമാക്കൽ (121/24) | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 39890 | ജവഹർ ഭവന പദ്ധതി വായ്പയുടെ പലിശ നൽകൽ (163/24 | 39890 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 500000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (41/24) | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 500000 | മാർത്തോമ്മ കാക്കച്ചിറ റോഡ് കോൺക്രീറ്റിംഗ് | 500000 | |
| ആകെ | | 4184890 | | | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(22/24) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-2024 | 110000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(26/24) | 110000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 184000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(41/24) | 184000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1590000 | ലൈഫ് ഭവന പദ്ധതി ജനറൽ(38/24) | 1590000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 33000 | ലൈഫ് ഭവന പദ്ധതി ടി.എസ്.പി(47/24) | 33000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1000000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി(41/24 | 1000000 | 0 |
| ആകെ | | 3417000 | | 3417000 | |

### 4-2 നിക്ഷേപ പ്രവർത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ | പദ്ധതി – ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 116/24(SO) | 223301020/ 14-3-24 | 74600 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശൂർ | പദ്ധതി – ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ 115/24(SO) | 22301046/ 21.3.24 | 68600 | ० | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് LIFE-ഭവന പദ്ധതിക്കുള്ള HUDCO വായ്പയിനത്തിൽ ₹7785692/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 294086/DB.1/2015 ത.സ്വ.ഭ.വ/ തീ. 30-09-2015 | 5200000 | 0 | 1560000 | 520000 | 118103 | 1040000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018/ എൽ.എസ്.ജി.ഡി തീ. 11.09.2018 | 17406718 | 7785692 | 13678852 | 1948455 | 00 | 19516089 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി ആയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2006-07 | 3-4 (പാർട്ട്) | ലിയോണി തോമസ്, കൃഷി ആഫീസർ, കൃഷി വകുപ്പ് | LF.21109/ സ്പെ.സെൽ SC-2/09/ 29-04-2013 | 3350 | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 26 | 2002-03 | 6(5)(1) | വിവിധ വാർഡുകളിൽ ലൈൻ സ്ഥാപിക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ബഹു. സമിതി തീർപ്പ് കൽപ്പിച്ചില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹9031191.65 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹35193524 |
| ആകെ | ₹44224715.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹31164149 |
| നീക്കിയിരിപ്പ് | ₹13060566.65 |
| കുറിപ്പ് :- പഞ്ചായത്തിന്റെ 2023-24 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹661200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല. | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 40000 | സിജി ശങ്കർ . വി.ഇ.ഓ |
| 1-24 | 50000 | സിജി ശങ്കർ . വി.ഇ.ഓ |
| 1-25 | 143200 | ഡോ.ഷാലു കെ. എച്ച്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-30 | 110000 | ശ്രീ.പൗലോസ് എൻ.വി,ഹെഡ്മാസ്റ്റർ |
| 1-31 | 318000 | ശ്രീമതി. സെറീന പി. എ., സെക്രട്ടറി |
| ആകെ | 661200 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– – ഇല്ല – –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– – ഇല്ല – –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പൗലോസ് എൻ.വി,<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>ഗവ. എൽ പി എസ് ശാസ്താംപാറ | ഞാറക്കാട്ട് വീട്<br>തിരുവാണിയൂർ പി ഒ .<br>പുത്തൻ കുരിശ്,<br>എറണാകുളം ജില്ല |
| സിജി ശങ്കർ | വി ഇ ഒ, ഇടവെട്ടി ഗ്രാമപഞ്ചായത്ത്<br>(തെക്കുംഭാഗം സർക്കിൾ) | മുതുപാലയ്ക്കൽ ,<br>പെരിങ്ങാശ്ശേരി പി.ഒ,<br>പെരിങ്ങാശ്ശേരി |
| ഡോ.ഷാലു കെ. എച്ച്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അറഞ്ചനാൽ വീട്,<br>പൈങ്കുളം പി.ഒ,<br>തൊടുപുഴ -685608 |
| ശ്രീമതി. സെറീന പി. എ.,<br>സെക്രട്ടറി | സെക്രട്ടറി,<br>ഇടവെട്ടി ഗ്രാമപഞ്ചായത്ത് | പഴേരിയിൽ വീട്<br>ഇടവെട്ടി പി.ഒ,<br>തൊടുപുഴ |

**4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2006-2007 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2006-07) അദാ./22 തീ 3/9/22 | 1 | 3-4, |
| 2010-2011 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2010-11) അദാ./22 തീ 3/9/22 | 2 | 3-14,<br>3-18 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2016-17) അദാ./22 തീ 3/9/22 | 2 | 2-4, 3-1 |
| 2019-20 | കെ. എസ്.എ-ഐ.ഡി.കെ-9/28/22തീ.03.03.2022 | 22 | 1-1,1-3,1-8 മുതൽ 1-20 വരെ, 1-21-1,1-21-2, 1-21-3,1-22,1-23,3-1,3-2,3-3 |
| 2020-21 | കെ. എസ്.എ-ഐ.ഡി.കെ-9/29/2022 തീ.2.06.2022 | 23 | 1-1,1-3,1-4, 1-8 മുതൽ 1-25 വരെ,2-1,3-1 |
| 2021-2022 | കെ. എസ്.എ-ഐ.ഡി.കെ-9/29/20 | 12 | 1-10,1-12,1-13,1-14,1-15,1-16,1-17 1-18,1-19,1-20,1-21,1-22,1-23 |
| 2022-2023 | കെ. എസ്.എ-ഐ.ഡി.കെ.3/1129/23 | 19 | 1-1-10,1-11,1-12,1-13,1-18,1-19, 1-20,1-21,1-23,1-24 1-28,1-30,1-31,1-32, 1-34,1-35,4-7,4-10 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 02-07-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edavetty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edavetty Grama Panchayat as on 31-03-2024

**Date: 05/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Edavetty Grama Panchayat for the Year 2023-2024.

### 1.Major Observations

1) All mandatory financial statements prescribed in accounting rules are not submitted for audit.

2) Asset register is not comprehensive and up to date.

3) payment voucher misclassification.

### 2.Other Observations

1) Cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2) grant liability amount shown as liability in balance sheet doesnotmatch with bank account opened for the specified grant account.

3) lapses in making timely and accurate demand entries in respect of tax and non tax revenue

4) depreciation provided for an asset exceeding the book value-irregular

5) Demand register doesnot match with financial statements.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്